# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 632** — **09.02.2016-ൽ മറുപടിയ്ക്ക്**

## മിശ്ര വിവാഹിതരാകുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സഹായം

**ചോദ്യം**
**ശ്രീ. പി. തിലോത്തമൻ**

**മറുപടി**
**ശ്രീമതി. പി. കെ. ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കടന്നു വരാൻ വേണ്ട എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; | എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നു വരാൻ വേണ്ടി ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>• കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ഗ്രാന്റ് ഇൻ-എയ്ഡ് അണ്ടർ ആർട്ടിക്കിൾ 275(1) പ്രത്യേക കേന്ദ്രസഹായ പദ്ധതി എന്നീ പദ്ധതികളിലുൾപ്പെടുത്തി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയുള്ള വികസനത്തിന് പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഗതാഗത സൗകര്യമായ റോഡ്, പാലം ഉൾപ്പെടെയുള്ള പദ്ധതികളും, കുടിവെള്ളം, വൈദ്യുതി, സോളാർ ലൈറ്റുകൾ, നടപ്പാതകൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, അംഗൻവാടികൾ, സ്കൂൾ കെട്ടിടം തുടങ്ങിയവ നിർമ്മിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | ആവശ്യമായ തുക അതാത് വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം എന്ന പദ്ധതിയിലുൾപ്പെടുത്തി 2013-14 വർഷം പട്ടികവർഗ്ഗ പുനരധിവാസ മിഷൻ മുഖേന 490 ഗുണഭോക്താക്കൾക്ക് 178.95 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. നടപ്പു വർഷവും ടി പദ്ധതി നടപ്പിലാക്കി വരുന്നു.<br>• **സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി:** ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ഭവന നിർമ്മാണത്തിനായി മിഷൻ 676-ൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി പ്രഖ്യാപിച്ചിരുന്നു. ടി കാലയളവിൽ ശേഖരിച്ച കണക്ക് പ്രകാരം ഭവനരഹിതരും ഭവന നിർമ്മാണത്തിന് സ്ഥല സൗകര്യമുള്ളതുമായ 30308 പട്ടികവർഗ്ഗ കുടുംബങ്ങളാണ്ടായിരുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് പദ്ധതി, എ.ടി.എസ്.പി പദ്ധതി, ഹഡ്കോ വായ്പ തുക വിനിയോഗിച്ചുള്ള ഭവന നിർമ്മാണം, ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഐ.എ.വൈ പദ്ധതി |

| | | | |
|---|---|---|---|
| | | | എന്നിവയിലൂടെ ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. 2014-15 വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം 2907 പേർക്ക് വീടുകൾ അനുവദിക്കുകയും, 2015-16 വർഷം ഹഡ്കോ ഹൗസിംഗ് പദ്ധതി പ്രകാരം 2000 വീടുകളും, എ.ടി.എസ്.പി പദ്ധതി പ്രകാരം 10000 വീടുകളും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പ് മുഖേനയുള്ള ഐ.എ.വൈ പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാർക്ക് 2014-15-ൽ 9337 വീടുകളും 2015-16 -ൽ അത്രയും പേർക്കു കൂടി വീടുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പി.വി.ടി.ജി പദ്ധതിയിൽ ഉൾപ്പെടുത്തി 2018 പേർക്ക് ഭവന നിർമ്മാണ ധനസഹായവും നൽകിയിട്ടുണ്ട്.<br>• **ഹാംലെറ്റ് വികസന പദ്ധതി** : പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി നാളിതു വരെ 47 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് ഓരോ കോളനിയ്ക്കും 100 ലക്ഷം രൂപ ചെലവിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br>• **നബാർഡ്** : പട്ടികവർഗ്ഗ പ്രദേശങ്ങളിലെ |

| | | | |
|---|---|---|---|
| | | | ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി 181.71 കോടി രൂപ ചെലവഴിച്ച് 193 റോഡുകളും 5 പാലങ്ങളും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മൊബിലൈസേഷൻ അഡ്വാൻസായി 28.23 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• **ജനനി ജന്മരക്ഷ** : 2013-14 വർഷം ആരംഭിച്ച ടി പദ്ധതിയിൽ നാളിതുവരെ 11850 പേർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ നൽകി വരുന്നു.<br>• ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി ചികിത്സാ ധനസഹായം, സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ് എന്നിവ നടപ്പിലാക്കി വരുന്നു.<br>• മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി മോഡൽ റസിഡൻഷ്യൽ സ്കൂൾ/ആശ്രമ സ്കൂൾ/ഹോസ്റ്റലുകൾ എന്നിവയുടെ നടത്തിപ്പ്, സ്കോളർഷിപ്പുകൾ എന്നിവ നടപ്പിലാക്കി വരുന്നു.<br>• 2013-14 വർഷത്തിൽ ആരംഭിച്ച ഗോത്ര സാരഥി പദ്ധതി വഴി നാളിതുവരെ 25445 കുട്ടികൾക്ക് യാത്രാ സൗകര്യം നടപ്പിലാക്കിയിട്ടുണ്ട്.<br>• 2013-14 വർഷത്തിൽ ആരംഭിച്ച |

| | | | |
|---|---|---|---|
| | | | കൈതാങ്ങ് പദ്ധതി വഴി നാളിതു വരെ 979 കുട്ടികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.<br>• എ.റ്റി.എസ്.പി : 2014-15 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത് മേഖലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സ്ഥായിയായ സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി 150 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ലഭിക്കുകയും പിന്നോക്കാവസ്ഥയിലുള്ള 14 ബ്ലോക്ക് പഞ്ചായത്തുകളിലെ 89 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് 135.75 കോടി രൂപ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ജില്ലകൾക്ക് അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. 2015-16 വർഷത്തിൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് 65 കോടി രൂപ ചെലവിൽ പദ്ധതി നടപ്പിലാക്കി വരുന്നു.<br>• 13-ാം ധനകാര്യ കമ്മീഷൻ പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 148 കോടി രൂപ ചെലവഴിച്ച് പദ്ധതികൾ നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നു.<br>• മോഡൽ കോളനി: പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മോഡൽ കോളനി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ കുരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ നെല്ലറച്ചാൽ, പത്രർക്കുന്ന്, കുഞ്ഞോം എന്നീ കോളനികളിലാണ് മോഡൽ കോളനി പദ്ധതി നടപ്പാക്കുന്നത്. മോഡൽ കോളനി പദ്ധതിക്ക് ഓരോ ഊരുകൾക്കും വേണ്ടി 25 വീടുകൾ വീതം (ആകെ 125 വീടുകൾ) 5.32 ലക്ഷം രൂപ നിരക്കിൽ ആകെ 6.65 കോടി രൂപ നിർമ്മാണ ഏജൻസിയായ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ടിട്ടുള്ള കുഞ്ഞോം എന്ന സ്ഥലത്ത് 25 വീടുകളുടെ പണി പൂർത്തിയാക്കി. 2015 ആഗസ്റ്റ് 20-ന് ഉദ്ഘാടനം നടത്തി. നെല്ലറച്ചാൽ മോഡൽ കോളനിയിലെ 20 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൊല്ലം ജില്ലയിലെ കുരിയോട്ടുമലയിൽ ഭവന നിർമ്മാണം അവസാന ഘട്ടത്തിലാണ്. പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ പത്രർക്കുന്ന് എന്നീ കോളനികളുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | • പട്ടികവർഗ്ഗ യുവജനങ്ങൾക്കുള്ള സ്വയംതൊഴിലിനായി വൈദഗ്ധ്യ പരിശീലന പരിപാടി.<br>• അവിവാഹിതരായ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 വർഷം സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതി ആവിഷ്കരിച്ചിരുന്നു. അവിവാഹിതരായ അമ്മമാർക്ക് സ്നേഹസ്പർശം എന്ന പേരിൽ പെൻഷൻ പദ്ധതിയിൽ പ്രതിമാസം 1000/-രൂപ വീതം നൽകി വരുന്നു. |
| ബി) | മിശ്ര വിവാഹിതരാകുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജീവിതത്തിൽ നേരിടേണ്ടിവരുന്ന സാമൂഹ്യ വെല്ലുവിളികളിൽ അവരെ സഹായിക്കുവാൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ? | ബി) | മിശ്രവിവാഹിതരാകുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് .സ്വയം തൊഴിൽ ചെയ്ത് ജീവിക്കുന്നതിനായി വാർഷിക വരുമാന പരിധി 40,000/-രൂപ വരെയുള്ളവർക്ക് 50,000/-രൂപ ധനസഹായം നൽകി വരുന്നുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ